Break the chain

വനിത
ശിശുവികസന
വകുപ്പ്

മഹാത്മാവിനെ ഇന്ത്യ
ആഘോഷിക്കുന്നു

# സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം

## സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി- മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ

**(ഹാജർ അനുപമ T.V IAS ,ഡയറക്ടർ വനിതാ ശിശു വികസന വകുപ്പ് )**

വിഷയം : വനിതാ ശിശു വികസന വകുപ്പ്- ICPS- വയനാട് ജില്ലാ ശിശു സംരക്ഷണ യൂണിറ്റിന് 2021 മാർച്ച് മുതൽ 2022 ഫെബ്രുവരി വരെയുള്ള കെട്ടിട വാടക തുക അനുവദിച്ച് ഉത്തരവാകുന്നു.

സൂചന: 1.വയനാട് ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ കത്ത് നം.DCPO/W/1849/20 തീയതി:28.02.2022
2. 05.03.2021 ലെ വനിത ശിശു വികസന വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം

## ഉത്തരവ് നമ്പർ ICPS 4 (B)/21301 /15 തീയതി :16.03.2022

വനിതാ ശിശു വികസന വകുപ്പ് നടപ്പിലാക്കുന്ന സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ജില്ലാ ഘടകമായ വയനാട് ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് പ്രവർത്തിക്കുന്ന വാടക കെട്ടിടത്തിന് പരാമർശം 1 പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ ലഭ്യത രഹിത സാക്ഷ്യപത്രം ലഭ്യമാക്കിയ സാഹചര്യത്തിൽ പ്രതിമാസം 15,000/-രൂപ നിരക്കിൽ കെട്ടിട വാടക അനുവദിക്കേണ്ടതുണ്ട്.

മേൽ സാഹചര്യത്തിൽ വയനാട് ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ പരാമർശം (1) പ്രകാരമുള്ള അപേക്ഷ പരിഗണിച്ച്, വയനാട് ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് പ്രവർത്തിക്കുന്ന വാടക കെട്ടിടത്തിന് 2021 മാർച്ച് മുതൽ 2022 ഫെബ്രുവരി വരെ പ്രതിമാസം 15,000/- രൂപ നിരക്കിൽ കെട്ടിട വാടക ഇനത്തിൽ ആകെ **1,80,000/- രൂപ (ഒരു ലക്ഷത്തി എൺപത്തിനായിരം രൂപ മാത്രം )** അനുവദിച്ച് ഉത്തരവാകുന്നു.

ടി തുക **1,80,000/- രൂപ (ഒരു ലക്ഷത്തി എൺപത്തിനായിരം രൂപ മാത്രം )** നടപ്പ് സാമ്പത്തിക വർഷത്തെ ഐ.സി.പി.എസ്-ന്റെ ശീർഷകമായ 2235-02-102-61-34-3-Other Items -(P) ൽ റെന്റ് കമ്പോണന്റിൽ നിന്നും വയനാട് ജില്ലാ വനിത ശിശു വികസന ആഫീസറുടെ പേരിൽ അലോട്ട്മെൻറ് ആയി അനുവദിക്കേണ്ടതാണ്. ജില്ലാ വനിത ശിശു

വികസന ആഫീസർ തുക വയനാട് ജില്ലാ ശിശു സംരക്ഷണ ഓഫീസർക്ക് അലോട്ട്മെൻറ് ആയി അനുവദിക്കേണ്ടതാണ്.

ജില്ലാ ശിശു സംരക്ഷണ ഓഫീസർ അതാത് മാസങ്ങളിൽ വാടകയുടെ രസീത് ഓഫീസിൽ വാങ്ങി സൂക്ഷിക്കേണ്ടതും, രസീത്, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, എക്സ്പെൻഡിചർ സ്റ്റേറ്റ്മെൻറ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)

വനിതാ ശിശു വികസന ഡയറക്ടർ &
മെമ്പർ സെക്രട്ടറി SCPS

ജില്ലാ വനിത ശിശു വികസന ആഫീസർ വയനാട്

പകർപ്പ്:
1. ജില്ലാ ശിശു സംരക്ഷണ ഓഫീസർ, വയനാട്
2. സൂപ്രണ്ട് A സെക്ഷൻ (അലോട്ട്മെൻറ് നൽകുന്നതിന് വേണ്ടി)
3. ICPS-4
4. സ്റ്റോക്ക് ഫയൽ
5. വെബ്സൈറ്റ്

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്